പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2315 — 08.05.2017 ൽ മറുപടിക്ക്

**കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്തിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>,, കെ. ബാബു<br>,, റ്റി.വി.രാജേഷ്<br>ശ്രീമതി. വീണാ ജോർജ്ജ് : | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സർക്കാരിന്റെയും റെയിൽവേയുടെയും സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ നിലവിൽ ഏറ്റെടുത്തിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര റെയിൽ മന്ത്രാലയത്തിന്റെയും സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് താഴെ പറയുന്ന പ്രവൃത്തികൾ രണ്ട് ഘട്ടങ്ങളിലായി ഏറ്റെടുത്ത് നടത്തുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനും തുടർ നടത്തിപ്പിനും 14-03-2017 ൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്. പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br><u>ഒന്നാം ഘട്ടം</u><br>1) റാപ്പിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്)<br>2) തലശ്ശേരി - മൈസൂർ<br>3) എറണാകുളം പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് പുനഃപ്രവർത്തനം ആരംഭിക്കുന്ന പദ്ധതി<br>4) കൊച്ചി വിമാനത്താവളത്തിലേയ്ക്ക് ത്രികോണ റെയിൽ ലൈൻ വലിച്ച് യാത്രക്കാരുടെ സൗകര്യത്തിനായി റെയിൽവേ സ്റ്റേഷനും കണ്ടെയ്നർ ചരക്കുനീക്കത്തിനായി ടെർമിനലും സ്ഥാപിക്കൽ.<br><br><u>രണ്ടാം ഘട്ടം</u><br>1) <u>എരുമേലി - പുനലൂർ</u> - നിർദ്ദിഷ്ട അങ്കമാലി എരുമേലി പാതയെ എരുമേലിയിൽ നിന്നും പുനലൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത<br>2) <u>ഏറ്റുമാനൂർ - ശബരി ലിങ്ക് ലൈൻ</u> - നിർദ്ദിഷ്ട അങ്കമാലി - |

ശബരി ലൈനിനെ ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത

3) <u>നിലമ്പൂർ - നഞ്ചൻകോട്</u> - നിലമ്പൂർ റെയിൽവേസ്റ്റേഷനെ കർണാടക സംസ്ഥാനത്തിലെ നഞ്ചൻകോട് റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.

ഇതു കൂടാതെ വിഴിഞ്ഞം പദ്ധതി പ്രദേശത്തേയ്ക്കുള്ള റെയിൽ ലൈൻ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ ഏറ്റെടുത്ത് തുടങ്ങിയിട്ടില്ല.

| | |
|---|---|
| (ബി) റാപ്പിഡ് റെയിൽ കോറിഡോറിന്റെ സാധ്യതാ പഠനം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ? | (ബി) ഉണ്ട്. റാപിഡ് റെയിൽ കൊറിഡോർ ( തിരുവനന്തപുരം - ചെങ്ങന്നൂർ - 125.56 കിലോമീറ്റർ) ന്റെ സാധ്യതാ പഠനം മുംബൈ റെയിൽ വികാസ് കോർപ്പറേഷനെ കൊണ്ട് നടത്തിയിട്ടുണ്ട്. ഇതിന്റെ ആകെ ചിലവ് 3063.97 കോടി രൂപയാണ്. ചിലവ് കുറയ്ക്കുന്നതിലേയ്ക്കായി റെയിൽ മേൽപ്പാലം / റെയിൽ അടിപ്പാത നിർമ്മാണം ഈ പദ്ധതിയിൽ നിന്നും മാറ്റി മറ്റൊരു പദ്ധതിയായി നടപ്പാക്കുവാൻ ആലോചിച്ചു വരുന്നു. തൻമൂലം പദ്ധതി ചിലവ് 2114 കോടി രൂപയായി കുറയ്ക്കുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയുടെ പണി പൂർത്തിയാക്കുവാൻ കേരള സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും എല്ലാ അനുമതികളും കിട്ടിക്കഴിഞ്ഞ് മൂന്നു കൊല്ലം കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് വിശദ പദ്ധതി റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. ഈ പദ്ധതി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനു കീഴിൽ രൂപീകൃതമാകുന്ന എസ്.പി.വി. വഴി നടപ്പിലാക്കുവാനുമാണ് കെ ആർ ഡി സി എൽ ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചിരിക്കുന്നത്. |

SRD.

സെക്ഷൻ ഓഫീസർ